**Malayala Manorama**

**18 August 2018**

**Kumali, Mullaperiyar Dam, Water Level**

# മുല്ലപ്പെരിയാറിൽ ജലനിരപ്പ് താഴുന്നു -140 അടി

കുമളി● മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്തു മഴ കുറഞ്ഞു. ജലനിരപ്പ് 143ൽ നിന്നു 140.80 അടിയിലേക്കു താഴ്ന്നു. ഇന്നലെ സന്ധ്യയ്ക്ക് ആറിനുള്ള കണക്കാണിത്.

രാവിലെ അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് സെക്കൻഡിൽ 22,587 ഘനയടിയായിരുന്നു. വൈകിട്ടായപ്പോൾ സെക്കൻഡിൽ 16,970 ഘനയടിയായി കുറഞ്ഞിട്ടുണ്ട്. 2300 ഘനയടി വെള്ളം തമിഴ്നാട്ടിലേക്കു കൊണ്ടുപോകുന്നുണ്ട്. പെരിയാറിലേക്കു വെള്ളം ഒഴുക്കുന്ന സ്പിൽവേയിലെ 13 ഷട്ടറുകളും ഇന്നലെ വൈകിട്ടു പകുതി താഴ്ത്തി.